**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1421** **28-07-2021 - ൽ മറുപടിയ്ക്ക്**

**'സിൽവർ ലൈൻ' റെയിൽവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . സണ്ണി ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 'സിൽവർ ലൈൻ' റെയിൽവേ പദ്ധതിയുടെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) | സിൽവർ ലൈൻ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ആയതിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അന്തിമാനുമതിക്കായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് റെയിൽവേബോർഡ്, ധനകാര്യം (എകസ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ജൈക്ക, എ.ഡി.ബി എ.ഐ.ഐ.ബി കെ.എഫ്.ഡബ്ല്യു തുടങ്ങിയ വിദേശ വായ്പ ഏജൻസികളിൽ നിന്നുമുള്ള വായ്പ ഇനത്തിൽപ്പെടുന്ന ധനസഹായത്തിനായി ക്രേന്ദ സാമ്പത്തികകാര്യ വകുപ്പിനു ശുപാർശ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും 2100 കോടി രൂപ കിഫ്ബിയിൽ നിന്ന് വായ്പ എടുക്കുന്നതിനും അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഗവേഷണ പഠനം, ഗതാഗത പഠനം, ലിഡാർ സർവ്വേ, ദ്രുത പരിസ്ഥിതി ആഘാത പഠനം എന്നീ പഠനങ്ങൾ നടത്തുകയും ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് റെയിൽവേയുടെയും സാമ്പത്തികകാര്യ വകുപ്പിന്റെയും കേന്ദ്ര മന്ത്രിസഭയുടേയും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച പ്രാഥമിക പഠനങ്ങൾ പൂർത്തിയായോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | സിൽവർ ലൈൻ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ആയതിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അന്തിമാനുമതിക്കായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് റെയിൽവേബോർഡ്, ധനകാര്യം (എകസ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ജൈക്ക, എ.ഡി.ബി എ.ഐ.ഐ.ബി കെ.എഫ്.ഡബ്ല്യൂ തുടങ്ങിയ വിദേശ വായ്പ ഏജൻസികളിൽ നിന്നുമുള്ള വായ്പ ഇനത്തിൽപ്പെടുന്ന ധനസഹായത്തിനായി ക്രേന്ദ്ര സാമ്പത്തികകാര്യ വകുപ്പിനു ശുപാർശ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും 2100 കോടി രൂപ കിഫ്ബിയിൽ നിന്ന് വായ്പ എടുക്കുന്നതിനും അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഗവേഷണ പഠനം, ഗതാഗത പഠനം, ലിഡാർ സർവ്വേ, ദ്രുത പരിസ്ഥിതി ആഘാത പഠനം എന്നീ പഠനങ്ങൾ നടത്തുകയും ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് റെയിൽവേയുടെയും സാമ്പത്തികകാര്യ വകുപ്പിന്റെയും കേന്ദ്ര മന്ത്രിസഭയുടേയും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റഡ് എക്സ്പെൻഡിച്ചർ എത്ര രൂപയാണെന്ന് അറിയിയ്ക്കാമോ; | (സി) | 63,941 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഈ പദ്ധതിക്കു വേണ്ടി പുതിയതായി എത്ര സ്ഥലം അക്വയർ ചെയ്യേണ്ടി വരുമെന്നും അതിനായി ഓരോ ജില്ലയിലും എത്ര ഭൂവുടമകളെ ഒഴിപ്പിക്കേണ്ടി വരുമെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | വിശദ പഠന റിപ്പോർട്ട് പ്രകാരം ഈ പദ്ധതിക്കു വേണ്ടി 1383 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. ജില്ല തിരിച്ചുള്ള സ്ഥലത്തിന്റെ കണക്കും ഓരോ ജില്ലയിലും എത്ര ഉടമകളെ ഒഴിപ്പിക്കണമെന്നതും സ്ഥലത്തിന്റെ സർവ്വേയ്ക്ക് ശേഷം മാത്രമേ നിജപ്പെടുത്താനാവൂ. |

സെക്ഷൻ ഓഫീസർ